പരിസ്ഥിതി സംരക്ഷണവും വികസനത്തിന്റെ ഭാഗം: കേന്ദ്രമന്ത്രി സുരേഷ് ഗോപി

പാലക്കാട്: രാജ്യത്തിന്റെ വികസനമെന്നത് സാമ്പത്തികം മാത്രമല്ലെന്നും പരിസ്ഥിതി സംരക്ഷണം വികസനത്തിന്റെ ഭാഗമാണെന്നും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് മേഴ്സി കോളജിൽ സംഘടിപ്പിച്ച ശുചിത്വയജ്ഞവും വൃക്ഷതൈ നടീലും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സ്വച്ഛ് ഭാരത് അഭിയാൻ പോലുള്ള കേന്ദ്ര സർക്കാർ പദ്ധതികളുടെ വിജയത്തിന് ജനങ്ങളുടെ പങ്കാളിത്തം പ്രധാനമാണ്. സ്വച്ഛത വെറുമൊരു പ്രതീകാത്മക പ്രവർത്തനമല്ല. ശുചിത്വം പൊതുകടമയും ഉത്തരവാദിത്തവുമാണ്. ആഗോളവത്കരണത്തിന്റെ ഭാഗമായി നാം പ്രകൃതിയെ മറക്കുന്നു. ഇത് തുടർന്നാൽ വലിയ തിരിച്ചടിയാവും ലഭിക്കുകയെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ശുചിത്വ ഇന്ത്യ എന്ന ദർശനം മഹാത്മാഗാന്ധിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണെന്നും സുരേഷ്ഗോപി പറഞ്ഞു. തുടർന്ന് വിദ്യാർഥിനികളുമായി നടന്ന സംവാദത്തിൽ പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും സസ്യജാലങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

കോളജിൽ വിദ്യാർഥികൾക്കും അധ്യാപകർക്കുമൊപ്പം പ്ലാവിൻതൈ നടുകയും ചെയ്തു. ബിപിസിഎൽ എക്സിക്യൂട്ടീവ് ഡയറക്ടർ ബിജു ഗോപിനാഥ് അധ്യക്ഷതവഹിച്ചു. പ്രിൻസിപ്പൽ ഡോ.സിസ്റ്റർ എൻ.എം. ലൗലി പ്രസംഗിച്ചു. ബിജെപി ഈസ്റ്റ് ജില്ലാ അധ്യക്ഷൻ പ്രശാന്ത് ശിവൻ, വൈസ് പ്രസിഡന്റ് സി. മധു തുടങ്ങിയവർ പങ്കെടുത്തു.

മേഴ്സി കോളേജിൽ നടന്ന സ്വച്ഛഭാരതമിഷൻ ചടങ്ങ് കേന്ദ്രസഹമന്ത്രി സുരേഷ്ഗോപി ഉദ്ഘാടനം ചെയ്യുന്നു. മേഴ്സി കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ.എൻ.എം. ലൗലി സമീപം. - അനിൽ കെ. പുത്തൂർ.

കെഎസ്ആർടിസി ബസിൽനിന്നു തെറിച്ചുവീണ് കണ്ടക്ടർക്കു പരിക്ക്

വടക്കഞ്ചേരി: ആയക്കാട് മന്ദത്ത് കെഎസ്ആർടിസി ബസിൽനിന്നു തെറിച്ചുവീണ് കണ്ടക്ടർക്ക് പരിക്കേറ്റു. ആലത്തൂർ സ്വദേശി സെയ്ദ് മുഹമ്മദ് (46) നാണ് അപകടമുണ്ടായത്.

താടിയിലും നെറ്റിയിലും പരിക്കേറ്റ കണ്ടക്ടർ ആലത്തൂർ ഇരട്ടക്കുളത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. ഇന്നലെ രാവിലെ എട്ടരയ്ക്കായിരുന്നു അപകടം. ഒറ്റപ്പാലത്തുനിന്നും പുളിങ്കൂട്ടം, ആയക്കാട്, വടക്കഞ്ചേരി വഴി കിഴക്കഞ്ചേരി പാണ്ടാംകോട് പോകുന്ന ബസായിരുന്നു.

മന്ദത്തെ സ്റ്റോപ്പിൽനിർത്തിയാത്രക്കാർ കയറി ബസ് മുന്നോട്ടുപോകുന്നതിനിടെ യാത്രക്കാരുടെ തിരക്കുമൂലം പെട്ടെന്ന് ഡോർതുറന്ന് റോഡിലേക്കുവീഴുകയായിരുന്നു. വടക്കഞ്ചേരി ഡിപ്പോയിലെ ബസാണ്. പ്രിയദർശിനി ബസായതിനാൽ ബസിൽ ഏറെയാത്രക്കാരുണ്ടായിരുന്നതായി ഡിപ്പോ അധികൃതർ പറഞ്ഞു.

തിരക്കുകൂടിയതാണ് അപകടത്തിന് കാരണമെന്നു പറയുന്നു. യാത്രക്കാരെ പിന്നീട് മറ്റൊരു ബസിൽ വടക്കഞ്ചേരിയിലെത്തിച്ചു.

കണ്ടക്ടർമാരുടെ കുറവുള്ളതിനാൽ ബസ് പിന്നീട് സർവീസ് നടത്താനായില്ലെന്നും അധികൃതർ അറിയിച്ചു.

ഗതാഗതനിയന്ത്രണം പിൻവലിച്ചു

പാലക്കാട്: ജില്ലയിൽ മഴയുടെ തീവ്രത ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ നെല്ലിയാമ്പതി ചുരംറോഡിൽ യാത്രക്കാർക്കും വാഹനങ്ങൾക്കും ഏർപ്പെടുത്തിയിരുന്ന എല്ലാവിധ കർശന നിയന്ത്രണങ്ങളും പിൻവലിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു.

അപകടത്തിൽ ബൈക്ക് യാത്രികന്റെ കാൽ അറ്റു

ഒറ്റപ്പാലം: ലക്കിടിയിൽ വാഹനാപകടത്തിൽ ബൈക്ക് യാത്രക്കാരന്റെ കാൽ അറ്റുപോയി. ഇന്നലെ വൈകുന്നേരം പാലക്കാട്- കുളപ്പുള്ളി പ്രധാനപാതയിൽ ലക്കിടി മംഗലത്ത് മിഴാവിനു സമീപമാണ് നാലുവാഹനങ്ങൾ തമ്മിൽ കൂട്ടിയിടിച്ചത്. രണ്ടു ബൈക്കുകളും കാറും ഗുഡ്സ് വാഹനവുമാണ് അപകടത്തിൽപ്പെട്ടത്.

ഒറ്റപ്പാലത്തുനിന്ന് ജോലികഴിഞ്ഞ് ബൈക്കിൽ പോവുകയായിരുന്ന പാലക്കാട് കൽമണ്ഡപം സ്വദേശി സതീഷിനാണ് ഗുരുതരമായി പരിക്കേറ്റു കാൽ നഷ്ടപ്പെട്ടത്. കാർ ഇദ്ദേഹത്തിന്റെ കാലിലൂടെ കയറിയിറങ്ങുകയായിരുന്നു എന്നാണ് ദൃക്സാക്ഷികൾ പറയുന്നത്.

മംഗലം സ്വദേശി ഉണ്ണികൃഷ്ണനും പരിക്കേറ്റിട്ടുണ്ട്. ഓടിക്കൂടിയ നാട്ടുകാരാണ് രക്ഷാപ്രവർത്തനം നടത്തിയത്. പരിക്കേറ്റവരെ ഒറ്റപ്പാലത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചു. ഒറ്റപ്പാലം പോലീസ് നടപടികൾ സ്വീകരിച്ചു.

ഒറ്റപ്പാലത്ത് രണ്ടിടത്തു തീപിടിത്തം

ഒറ്റപ്പാലം: തിങ്കളാഴ്ച രാത്രിയിലും ചൊവ്വാഴ്ച പുലർച്ചയുമായി ഒറ്റപ്പാലത്തു രണ്ടിടങ്ങളിൽ തീപിടിത്തം. പാലപ്പുറത്ത് ഗ്യാസ് ഗോഡൗണിനു സമീപത്തെ ഫ്ലാറ്റിലും ഒറ്റപ്പാലം നഗരസഭാ ബസ് സ്റ്റാൻഡിലെ വ്യാപാര സ്ഥാപനത്തിലുമാണ് തീപിടിത്തമുണ്ടായത്.

ഫ്ലാറ്റിൽ പാചകപാതക സിലിണ്ടറിൽ നിന്നാണ് തീപിടിത്തമുണ്ടായത്. വലിയതോതിൽ പുക ഉയരുന്നതുകണ്ടു ബന്ധപ്പെട്ടവർ ഉടൻതന്നെ അഗ്നിരക്ഷാ സേനയെ വിവരം അറിയിക്കുകയായിരുന്നു. ഒറ്റപ്പാലത്ത് ശീതള പാനീയ സ്ഥാപനത്തിലാണ് തീപിടിത്തമുണ്ടായത്. ഷോർട്ട് സർക്യൂട്ടാണ് തീപിടിത്തത്തിനു കാരണമെന്നാണ് അഗ്നിരക്ഷാസേനാ വിഭാഗം പറയുന്നത്. റഫ്രിജറേറ്റർ ഫ്രീസർ, മറ്റു സാധനസാമഗ്രികൾ, ശീതളപാനീയങ്ങൾ എന്നിവയെല്ലാം നശിച്ചു.

ബസ് സ്റ്റാൻഡിനകത്ത് തീപിടിത്തത്തിൽ നശിച്ച ശീതളപാനീയക്കട.

അന്തർസംസ്ഥാന പാതയിലെ കൾവർട്ട് പണി: ഗതാഗതനിയന്ത്രണം രണ്ടുമാസം നീളും

വടക്കഞ്ചേരി: മംഗലം- ഗോവിന്ദാപുരം അന്തർസംസ്ഥാന പാതയിൽ വള്ളിയോട് തേവർകാട് കൺവൻഷൻ സെന്ററിനടുത്ത് ഇന്നലെ ആരംഭിച്ച കൾവർട്ട് പണിക്കായി ഈഭാഗത്ത് രണ്ടുമാസത്തെ ഗതാഗത നിയന്ത്രണമുണ്ടാകുമെന്നു പൊതുമരാമത്ത് വകുപ്പ് അധികൃതർ പറഞ്ഞു.

പകുതിഭാഗം സ്ലാബ് വാർത്ത് അതിന്റെ ഉറയ്ക്കൽസമയം കഴിഞ്ഞു മാത്രമേ ബാക്കിഭാഗം സ്ലാബ് വാർക്കൽ നടക്കുകയുള്ളു. ഇതിനാൽ ഗതാഗതം പൂർണതോതിലാകാൻ രണ്ടുമാസമെടുക്കും.

നിലവിലുള്ള റോഡ് ലെവലിൽ നിന്നും എട്ട് സെന്റീമീറ്റർ ഉയരത്തിലാകും സ്ലാബിന്റെ കോൺക്രീറ്റ് നടത്തുക. നേരത്തെയുള്ള പോലെ സമീപത്തെ സ്വകാര്യപറമ്പിലേക്ക് വെള്ളം ഒഴുകിപ്പോകുന്ന വിധമാണ് കൾവർട്ട് നിർമിക്കുന്നതെന്നും അധികൃതർ പറഞ്ഞു.

വഴിയോരത്ത് അപകടഭീഷണിയായി നിൽക്കുന്ന മരങ്ങളും മുറിക്കണമെന്ന ആവശ്യവുമുണ്ട്. കെഎസ്ഇബിയുടെ ഹൈ ടെൻഷൻ ലൈനുകൾ കടന്നുപോകുന്നത് ഈ മരങ്ങൾക്കിടയിലൂടെയാണ്.

അന്തർ സംസ്ഥാനപാത വികസിപ്പിക്കുന്നതു സംബന്ധിച്ച് നിലവിൽ തീരുമാനങ്ങളൊന്നുമില്ലെന്നും അധികൃതർ പറഞ്ഞു.

പാതയിൽ പലഭാഗത്തും കുഴികൾ രൂപപ്പെട്ടിട്ടുണ്ടെങ്കിലും ശബരിമല തീർഥാടനകാലത്ത് നടക്കുന്ന മെയിന്റനൻസ് വർക്കുകൾ മാത്രമേ ഇനിയുണ്ടാകൂ എന്നാണ് അധികൃതർ പറയുന്നത്.

വള്ളിയോട് തേവർകാട് കൺവൻഷൻ സെന്ററിനടുത്തു തുടങ്ങിയ കൾവർട്ട് നിർമാണം.

കല്ലടിക്കോട് കുടുംബാരോഗ്യകേന്ദ്രത്തിൽ

വൈകുന്നേരം ചികിത്സയില്ല; വലഞ്ഞ് രോഗികൾ

കല്ലടിക്കോട്: കല്ലടിക്കോട് കുടുംബാരോഗ്യകേന്ദ്രത്തിൽ വൈകുന്നേരം ഡോക്ടറില്ലാത്തതു മൂലം രോഗികൾ ദുരിതത്തിൽ. ഈ പ്രദേശത്തെ സാധാരണക്കാരുടെ ആശ്രയകേന്ദ്രമാണിത്.

കഴിഞ്ഞ കുറെവർഷങ്ങളായി നിലവിലുണ്ടായിരുന്ന സായാഹ്ന ഒപി ഇപ്പോൾ നിർത്തിവെച്ചിരിക്കുന്നതു മൂലം ജനങ്ങൾ വലയുകയാണ്. മഴക്കാല രോഗങ്ങൾ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ ദിവസങ്ങളിൽ നൂറുകണക്കിനു രോഗികളാണ് ചികിത്സതേടി എത്തുന്നത്. ആവശ്യത്തിനു മരുന്നുകളും ഡോക്ടർമാരും ലഭ്യമല്ലാത്തതിനാൽ കരിമ്പ പഞ്ചായത്ത് ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കണമെന്ന ആവശ്യം ശക്തമായിട്ടുണ്ട്.

ഗതാഗത നിയന്ത്രണം

ഷൊർണൂർ: പട്ടാമ്പി സിഗ്നൽ ജംഗ്ഷനുസമീപം അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ നാളെമുതൽ ഗതാഗത നിയന്ത്രണമുണ്ടാകും.

മേട്ടുവളവിൽ നടന്ന പരിപാടിയിൽ സുമേഷ് അച്യുതൻ എംഎൽഎ വിദ്യാർഥികളെ ആദരിക്കുന്നു.

ഉന്നതവിജയികളെ ആദരിച്ചു

ചിറ്റൂർ: ചിറ്റൂർ- തത്തമംഗലം നഗരസഭ മേട്ടുവളവിൽ എസ്എസ്എൽസി, പ്ലസ്ടു ഉന്നതവിജയം നേടിയ വിദ്യാർഥികളെ ആദരിച്ചു. സുമേഷ് അച്യുതൻ എംഎൽഎ പരിപാടി ഉദ്ഘാടനം ചെയ്തു. നാഷണൽ ലെവൽ പഞ്ചഗുസ്തി ചാമ്പ്യൻ വിഷ്ണു, സംസ്ഥാന സ്കൂൾ കായകമേളയിൽ ജൂഡോ മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ ഹംദാനും ഉൾപ്പെടെ വിദ്യാർഥികളെ ആദരിച്ചു. വാർഡ് കൗൺസിലർ ഹസീന അധ്യക്ഷത വഹിച്ചു.

സക്കീർ ഹുസൈൻ, സൈദ് ഇബ്രാഹിം, നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശശികുമാർ, കൗൺസിലർമാരായ രാഹുൽ കൃഷ്ണ, രാധാമണി, സുമതി, ബീന, സുനിത, ഖലിൽ റഹ്മാൻ എന്നിവർ പ്രസംഗിച്ചു. ചിറ്റൂർ ജനമൈത്രി പോലീസിലെ ശ്രീനിവാസൻ, എക്സൈസ് ഇൻസ്പെക്ടർ റിയാസ് എന്നിവർ ലഹരിക്കെതിരേ ക്ലാസെടുത്തു.

കെപിസിസി സീനിയർ സിറ്റിസൺ കോൺഗ്രസ് പാലക്കാട് നിയോജക മണ്ഡലം കൺവൻഷൻ കെപിസിസി സെക്രട്ടറി പി.വി. രാജേഷ് ഉദ്ഘാടനം ചെയ്യുന്നു.

ആലത്തൂരിൽ ഞാറുവേലച്ചന്ത തുടങ്ങി

ആലത്തൂർ: വീട്ടുവളപ്പിൽ ജൈവ പച്ചക്കറികൃഷി പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ആലത്തൂർ ഗ്രാമപഞ്ചായത്തിൽ ഞാറ്റുവേലച്ചന്തയ്ക്കു തുടക്കമായി. ടി.എം. ശശി എം എൽ എ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഹരിത സുഭാഷ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ആർ.വിനോദ് , വാർഡ് മെംബർമാരായ സി.എം. ഷീബ, ലീല ശശി, കൃഷി ഓഫീസർ കെ. ശ്രുതി എന്നിവർ പ്രസംഗിച്ചു.

ഇന്നത്തെ സിനിമ

പാലക്കാട്

പ്രിയദർശിനി- ബാലൻ (11.30, 2.30, 6.00, 9.00).
പ്രിയ- സീക്രട്ട് ഓഫ് കലിംഗ (11.00, 2.30) ചിന്ന ചിന്ന ആശൈ(5.45, 9.15).
പ്രിയതമ- കോൺ സിറ്റി (11.30, 6.00) അംഗീകാരം (2.30, 9.15)
അരോമ സ്ക്രീൻ ഒന്ന്- അനന്തൻകാട് (11.15, 2.15, 6.00, 9.00).
അരോമ സ്ക്രീൻ രണ്ട്- ചിന്ന ചിന്ന ആശൈ (11.15, 2.15) Lady with the wings (6.00), മേഘമൗനം (9.15
ന്യൂഅരോമ- ഉയിർ (11.00, 2.15, 5.45, 8.45).
സത്യ മൂവീസ്- SuperGirl (11,2,6,9) Obsession (4.00)
ശ്രീദേവിദുർഗ സ്ക്രീൻ ഒന്ന്- അനന്തൻകാട് (11.00, 2.15, 5.30, 8.45, 11.55).
സ്ക്രീൻ രണ്ട്- The Furious (11.30, 2.30, 6.00, 9.15).
സിഎൻസി വി സിനിമാസ് സ്ക്രീൻ ഒന്ന്- ബാലൻ (11.30, 2.30, 6.00, 9.00).
സ്ക്രീൻ രണ്ട്- അനന്തൻകാട് (11.30, 2.30, 6. 9.15)

വടക്കഞ്ചേരി

ഡ്രീംബിഗ് സിനിമാസ് മയൂഖ്- Blast (11.30,2.30,6.30, 9.30).
ഡ്രീംബിഗ് കെഎഎം മൂവീസ്- Secret of Kallinga(മല - 11.30, 6.30, 9.30), Lady with the wings (2 .30).
ജയഭാരത് മൂവീസ്- ബാലൻ (11.15, 2.30,6.15,9.30).
ജയഭാരത് സ്ക്രീൻ ഒന്ന്- ഉയിർ (മല- 11.15, 2.30, 6.15, 9.30)
ജയഭാരത് സ്ക്രീൻ രണ്ട്- SuperGirl (Eng- 11.15, 2.30, 6.15, 9.30).
തങ്കം സിനിമാസ്- അനന്തൻകാട് (മല - 11.15, 2.30, 6.15,9.30).

ചിറ്റൂർ

കൈരളി- അനന്തൻകാട് (11, 2, 6, 9).
ശ്രീ- Lady with the wings (11.30), ബാലൻ (2.30, 6.30, 9.30)

കല്ലടിക്കോട്

ബാല- അനന്തൻകാട് (4 ഷോ), Lady with the wings (2) ബാലൻ (2).

സത്യപ്രതിജ്ഞാ പിഴവുകൾക്കു പരിഹാരമായില്ല

അനിശ്ചിതത്വം തുടർന്നാൽ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഭരണപ്രതിസന്ധി

വടക്കഞ്ചേരി: വടക്കഞ്ചേരി പഞ്ചായത്തിലെ സത്യപ്രതിജ്ഞാ പ്രതിസന്ധിക്ക് ഒരാഴ്ചപിന്നിട്ടിട്ടും പരിഹാരമായില്ല. മെംബറുടെ സത്യപ്രതിജ്ഞയും തുടർന്നുള്ള ഹൈക്കോടതി ഇടപെടലും ചൂണ്ടിക്കാട്ടി പഞ്ചായത്തിൽനിന്നും സംസ്ഥാന ഇലക്ഷൻ കമ്മീഷന് നൽകിയ റിപ്പോർട്ടിൽ മതിയായ വ്യക്തതയില്ലാതെ വന്നിട്ടുള്ള കത്ത് ആശയക്കുഴപ്പത്തിലാക്കിയിരിക്കുകയാണ്.

കഴിഞ്ഞ ശനിയാഴ്ചയാണ് തെരഞ്ഞെടുപ്പ്കമ്മീഷനിൽനിന്നും പഞ്ചായത്തിലേക്കു കത്തുവന്നത്. തെരഞ്ഞെടുപ്പ് ആവശ്യമുള്ള പക്ഷം തുടർനടപടികൾ അറിയിക്കാം എന്നുമാത്രമാണ് കത്തിൽ പറയുന്നത്. വീണ്ടും പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പുകൾ നടത്തണോ വേണ്ടയോ എന്നു കത്തിൽ വ്യക്തതയില്ലെന്ന് അധികൃതർ പറയുന്നു.

അനിശ്ചിതത്വം തുടർന്നാൽ അതു ഭരണ പ്രതിസന്ധിക്ക് കാരണമാകും. ധനവിനിയോഗങ്ങളിലും മറ്റും പ്രശ്നങ്ങൾ സൃഷ്ടിക്കും. വീണ്ടും തെരഞ്ഞെടുപ്പ് നടത്തണമെങ്കിൽ അതു നടത്തി പ്രശ്നത്തിന് പരിഹാരം കാണണമെന്ന ആവശ്യവും ഉയരുന്നുണ്ട്. വീണ്ടും തെരഞ്ഞെടുപ്പ് നടത്തേണ്ടതില്ല എന്നാണ് കമ്മീഷൻ നിർദേശിക്കുന്നതെങ്കിൽ പിന്നീട് ഈ വിഷയത്തിൽ പ്രശ്നങ്ങളുണ്ടാകാതിരിക്കുകയും വേണം. ഇതിനായി ഇനിയും സമയം കളഞ്ഞ് വികസന പ്രവർത്തനങ്ങൾക്ക് തടസമുണ്ടാകരുത് എന്ന നിലപാടും ഭരണക്കാർക്കുണ്ട്. സത്യപ്രതിജ്ഞാ സമയത്ത് ബന്ധപ്പെട്ട അധികാരികൾ ഇടപ്പെട്ട് തത്സമയം തന്നെ പരിഹരിക്കാമായിരുന്ന വിഷയമാണിതെന്ന വാദങ്ങളും ഇപ്പോൾ ശക്തമാവുകയാണ്.

30 വർഷത്തിനുശേഷം എൽഡിഎഫിൽ നിന്നും ഭരണം തിരിച്ചുപിടിച്ച് വടക്കഞ്ചേരി ടൗണിൽ ഉൾപ്പെടെ പുതിയ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കേയാണ് മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പേരിൽ നടന്ന മെംബറുടെ സത്യാപ്രതിജ്ഞാ വിഷയം വലിയ പൊല്ലാപ്പായി മാറിയത്.

മെംബർ സുനിൽ രണ്ടാമതും സത്യപ്രതിജ്ഞ ചെയ്തെങ്കിലും സുനിൽകൂടി വോട്ടുചെയ്ത് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാർ വീണ്ടും തെരഞ്ഞെടുപ്പിനെ നേരിടണമെന്ന നിർദേശങ്ങളാണ് വന്നത്.ഇത് ചില സ്റ്റാൻഡിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പുകളേയും ബാധിക്കും. 22 അംഗ ഭരണസമിതിയിൽ യുഡിഎഫിനും എൽഡിഎഫിനും ഒമ്പത് സീറ്റുവീതവും ബിജെപിക്ക് മൂന്നും ഒരു സ്വതന്ത്രനുമാണുള്ളത്. ഇടതു- വലതു മുന്നണികളുടെ സീറ്റുകൾ ഒപ്പമായപ്പോൾ പ്രധാനി വാർഡിൽ നിന്നും സ്വതന്ത്രനായി വിജയിച്ച സി. പ്രസാദിന് പ്രസിഡന്റ്സ്ഥാനം നൽകി യുഡിഎഫ് ഭരണം പിടിച്ചെടുക്കുകയായിരുന്നു. അങ്ങനെ വലിയ കുഴപ്പങ്ങളില്ലാതെ ഭരണം മുന്നോട്ടു പോകുന്നതിനിടെയാണ് സത്യപ്രതിജ്ഞാ പ്രശ്നം തലപൊക്കിയത്.

കക്ഷിനില ഒപ്പമായതിനാൽ വീണ്ടും തെരഞ്ഞെടുപ്പുകൾ നടത്തേണ്ടിവന്നാൽ അതു വളരെ ശ്രദ്ധയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടിവരും. ഒരു വോട്ട് പിഴച്ചാൽ സംഗതി മാറും.

വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അമ്പിളി മോഹൻദാസാണ് ഇപ്പോൾ പ്രസിഡന്റിന്റെ ചുമതല വഹിക്കുന്നത്.

വിഷയത്തിൽ നിരന്തരമായ ഇടപെടൽ നടക്കുന്നുണ്ടെന്നും അടുത്ത ദിവസം തന്നെ പ്രശ്നത്തിനു പരിഹാരമാകുമെന്നും കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് ഇല്യാസ് പടിഞ്ഞാറെക്കളം പറഞ്ഞു.

മണ്ണാർക്കാട് ഫ്ലെയിം എഡ്യുകോൺക്ലേവ് 19ന്

മണ്ണാർക്കാട്: ഫ്ലെയിം സമഗ്ര വിദ്യാഭ്യാസ കർമപദ്ധതിയുടെ ഭാഗമായുള്ള എഡ്യുകോൺക്ലേവ് 19ന് ഉച്ചയ്ക്ക് രണ്ടിന് കോടതിപ്പടി എംപി ഓഡിറ്റോറിയത്തിൽ നടക്കും. വിദ്യാഭ്യാസമന്ത്രി അഡ്വ.എൻ. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര താരങ്ങളായ രമേഷ് പിഷാരടി എംഎൽഎ, ബേസിൽ ജോസഫ് എന്നിവർ മുഖ്യാതിഥികളാകും.

വിദ്യാഭ്യാസ വിചക്ഷണരും സാമൂഹ്യ, രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖരും ജനപ്രതിനിധികളും സംബന്ധിക്കും.

മണ്ണാർക്കാട് മണ്ഡലം പരിധിയിലുള്ള വിദ്യാലയങ്ങളിലെ എസ്എസ്എൽസി, പ്ലസ്ടു സമ്പൂർണ എപ്ലസ് ജേതാക്കൾക്കും എൻഎംഎംഎസ്, സിഎം കിഡ്സ് (എൽപി, യുപി) സ്കോളർഷിപ്പ് വിജയികൾക്കും പൊതുപരീക്ഷകളിൽ നൂറുശതമാനം വിജയനേട്ടം കൈവരിച്ച സ്കൂളുകൾക്കും വിദ്യാഭ്യാസ മന്ത്രിയുടെ എക്സലൻസ് അവാർഡുകൾ സമ്മാനിക്കും.

ഫ്ലെയിം കോർ ഗ്രൂപ്പ് യോഗം മന്ത്രി എൻ. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്തു. കോർ ഗ്രൂപ്പ് ചെയർമാൻ ഹമീദ് കൊമ്പത്ത് അധ്യക്ഷനായി.

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ആലത്തൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച ഞാറ്റുവേലച്ചന്തയിൽ ടി. എം. ശശി എംഎൽഎ കർഷകർക്കു പച്ചക്കറി തൈകളും വളങ്ങളും നൽകുന്നു.

താലൂക്ക് ആശുപത്രി വികസനസമിതി

ബിജെപി മുൻ കൗൺസിലറുടെ പേര് നിർദേശിച്ച് യുഡിഎഫ് കൗൺസിലർ!

ഒറ്റപ്പാലം: താലൂക്ക് ആശുപത്രി വികസന സമിതിയിലേക്ക് ബിജെപി മുൻ കൗൺസിലറുടെ പേര് നിർദേശിച്ച് യുഡിഎഫ് കൗൺസിലർ. ഇന്നലെ ചേർന്ന നഗരസഭ കൗൺസിൽ യോഗത്തിലാണ് നാടകീയ രംഗം അരങ്ങേറിയത്.

ആശുപത്രി വികസനസമിതി രൂപീകരണവുമായി ബന്ധപ്പെട്ട അജണ്ട ചർച്ച ചെയ്യുന്നതിനു വേണ്ടിയാണ് കൗൺസിൽ യോഗം ചേർന്നത്. കക്ഷിരാഷ്ട്രീയത്തിന് അതീതമായി പൊതുസമൂഹത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന മൂന്നുപേരെ വികസനസമിതിയിലേക്ക് നാമനിർദേശം ചെയ്യാനുള്ള തീരുമാനം ചർച്ചയായി വന്നപ്പോഴാണ് മുൻ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും യുഡിഎഫ് കൗൺസിലറുമായ കെ.ബി. ശശികുമാർ മുൻ ബിജെപി കൗൺസിലറായിരുന്ന കെ. സജിത്തിന്റെ പേര് നിർദേശിച്ചത്.

ഒറ്റപ്പാലത്തെ യുഡിഎഫ് നേതാക്കളെ ഒഴിവാക്കിയായിരുന്നു ഇദ്ദേഹം ബിജെപി മുൻ കൗൺസിലറുടെ പേര് മുമ്പോട്ടുവച്ചത്.

ബിജെപി മുൻസിലറുടെ പേര് യുഡിഎഫ് അംഗം നിർദേശിച്ചത് ആശ്ചര്യപ്പെടുത്തുന്നതായി സിപിഎം കൗൺസിലർ ടി. പി. പ്രദീപ്കുമാർ യോഗത്തിൽ പറഞ്ഞു. കെ.ബി. ശശികുമാറിന്റെ നടപടി ഇതിനകം യുഡിഎഫിനുള്ളിൽ വിവാദമായിട്ടുണ്ട്.

അട്ടപ്പാടിയിൽ കാട്ടാനക്കൂട്ടം കൃഷി നശിപ്പിച്ചു

അഗളി: അട്ടപ്പാടിയിൽ നാശം വിതച്ച് കാട്ടാന. കാവുണ്ടിക്കല്ലിലാണ് കാട്ടാനക്കൂട്ടം വ്യാപകമായി കൃഷി നശിപ്പിച്ചത്.

തിങ്കളാഴ്ച രാത്രി തെങ്ങ്, വാഴ, കവുങ്ങ് തുടങ്ങിയ കൃഷികളാണ് വ്യാപകമായി നശിപ്പിച്ചത്.

കാവുണ്ടിക്കല്ലിലെ തമിഴ്നാട് സ്വദേശികളുടെ വീടിനു മുകളിലേക്ക് കാട്ടാനക്കൂട്ടം തെങ്ങ് തള്ളിയിട്ടു. വീടിനോട് ചേർന്നുള്ള ഷെഡുകളും മോട്ടോർപുരയും ആനകൾ തകർത്തു.

ജനവാസ മേഖലയിൽ കാട്ടാനക്കൂട്ടം നിലയുറപ്പിക്കുന്നതിനാൽ പുറത്തിറങ്ങാൻപറ്റാത്ത അവസ്ഥയാണെന്നു പ്രദേശവാസികൾ പറഞ്ഞു. വനംവകുപ്പിനെ വിവരം അറിയിച്ചാലും സമയത്തിന് ആരും എത്തിച്ചേരുന്നില്ലെന്നാണ് നാട്ടുകാരുടെ പരാതി.

തത്തമംഗലം സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നം.പി.502, തത്തമംഗലം പി.ഒ., പാലക്കാട് ജില്ല.
Ph : H.O.04923-227166, 227492, 9497611416, Br.227698, 228502

ക്വട്ടേഷൻ ക്ഷണിക്കുന്നു

തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസിൽ CANON IR 2925 Photocopier സ്ഥാപിക്കുന്നതിന് മികച്ച സേവന പാരമ്പര്യവും, അംഗീകൃതവുമായ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. സീൽ ചെയ്ത ക്വട്ടേഷനുകൾ 15/07/2026-ന് 5 PM-ന് മുമ്പായി ബാങ്കിന്റെ ഹെഡ്ഡാഫീസിൽ സമർപ്പിക്കേണ്ടതാണ്.

തത്തമംഗലം ആജ്ഞതാനുസരണം.
07/07/2026 (ഒപ്പ്), സെക്രട്ടറി

12607-596923

പഞ്ചാബ് നാഷണൽ ബാങ്ക് punjab national bank
...the name you can BANK upon !

എ. ആർ. എം. ബി, എറണാകുളം, 1-ാം നില, 40/1461, മാർക്കറ്റ് റോഡ്, എറണാകുളം-682011, Ph: 0484-2350477, Email: cs4459@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യ